**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2841** **10-03-2025 - ൽ മറുപടിയ്ക്ക്**

**അക്കേഷ്യമരങ്ങൾ വനങ്ങളിൽ ഉണ്ടാക്കിയ പാരിസ്ഥിക വെല്ലുവിളി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | എൺപതുകളിൽ ലോകബാങ്ക് സഹായത്തോടെ വളർത്തിയ അക്കേഷ്യമരങ്ങൾ വനങ്ങളിൽ വൻ പാരിസ്ഥിതിക വെല്ലുവിളിയാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കേഷ്യയും മഞ്ഞക്കൊന്നയും ആവാസവ്യവസ്ഥയിൽ നിന്നും നീക്കം ചെയ്യാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1) സംസ്ഥാനത്തെ വനം ഡിവിഷനുകളിൽ ഉൾപ്പെടെ വരുന്ന പ്രദേശങ്ങളിൽ, പരിസ്ഥിതിക്കും ആവാസവ്യവസ്ഥക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ് തുടങ്ങിയ വിദേശയിനം വൃക്ഷങ്ങൾ ഉൾക്കൊള്ളുന്ന ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കിളുകളിലായി 5585.87 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുന:സ്ഥാപന പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.<br><br>2) മഞ്ഞക്കൊന്ന നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. അത് പ്രകാരം വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ 1748 ഹെക്ടറും, വയനാട് നോർത്തേൺ ഡിവിഷനിൽ 100 ഹെക്ടറും പ്രദേശത്ത് ഇതിനോടകം മഞ്ഞക്കൊന്ന നീക്കം ചെയ്തിട്ടുള്ളതും ബാക്കിയുള്ളവ നീക്കം ചെയ്യുവാനുള്ള നടപടികൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ